**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5313** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിളകളുടെ വിലത്തകർച്ച പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഏലം, പൈനാപ്പിൾ ഉൾപ്പെടെയുള്ള വിളകളുടെ വിലത്തകർച്ച മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായി ശുപാർശ ചെയ്യുന്നത് കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് (CACP) ആണ്. ഉല്പാദകരുടേയും ഉപഭോക്താക്കളുടേയും താല്പര്യങ്ങൾക്ക് തുല്യമാ വില ഘടന രൂപപ്പെടുത്തുന്നതിന് അതാത് സമയങ്ങളിൽ കാർഷിക ഉല്പന്നങ്ങളുടെ വില സംബന്ധിച്ച് കമ്മീഷൻ സർക്കാരിന് ഉപദേശം നൽകുന്നു. CACP ലിസ്റ്റിൽ ഏലം ഉൾപ്പെട്ടിട്ടില്ല. കൂടാതെ കാർഷിക ഉല്പന്നങ്ങൾക്കുള്ള സഹായം നൽകി വരുന്നത് കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള വില സ്ഥിരതാ ഫണ്ടിൽ (PSF) നിന്നാണ്. ടി ഫണ്ടിന്റെ പരിധിയിലും ഏലം ഉൾപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ 25 വിള ഇനങ്ങൾക്കാണ് കുറഞ്ഞ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിൽ നിന്നും കൂടുതൽ നാണ്യവിളകൾ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ അനുകൂല നിലപാട് എടുത്തിട്ടില്ല. ഏലം കുറഞ്ഞ താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്താൻ കേരളം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൈനാപ്പിളിനെ കുറഞ്ഞ താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. |
| (ബി) | കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നിയന്ത്രിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എന്തൊക്കെ | (ബി) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും |

| | |
|---|---|
| പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതിനായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കുമോ; | സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പച്ചത്തേങ്ങ സംഭരണം :- നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14/01/2022-ലെ സ.ഉ. (കൈ) നം.3/2022/ കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK,കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്.പച്ചത്തേങ്ങയുടെ സംഭരണവില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതലാണ് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14.01.2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്.<br><br>9.3.2023 വരെയുള്ള കണക്കനുസരിച്ച് 122 കേന്ദ്രങ്ങളിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. 04.03.2022 ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 07.11.2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശംനൽകിയിട്ടുണ്ട്.<br><br>വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 09.02.2023 വരെ 10346.72213 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടു വരുന്നത്.<br><br>നെല്ല് സംഭരണം:- സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20 രൂപ 40പൈസയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. 2022-23 സീസണിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസും കൂടി ചേർത്ത് |

കിലോഗ്രാമിന് 28 രൂപ 20 പൈസ സംഭരണ വിലയായി നിശ്ചയിച്ചാണ് സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചുവരുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ 2101.9 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 2905.52 കോടി രൂപയും ഈ പദ്ധതിയിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 11.03.2023 വരെ 736.7141 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

<u>പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി:-</u>
സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു. 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

<u>റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി:-</u>

റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ഈ പദ്ധതിയുടെ 8–ാം ഘട്ടമാണ് ഇപ്പോൾ നടന്നുവരുന്നത്.

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 269.92 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 20.97 കോടിയും റബ്ബർ കർഷകർക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്. 2022-23 വർഷം 500 കോടി രൂപ യാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം 16.02.2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33 .195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നാളിതുവരെ ആകെ 1806.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പച്ചത്തേങ്ങ സംഭരണത്തിനായി 2021-22 മുതൽ നാളിതുവരെ റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെ

| | | | |
|---|---|---|---|
| | | | കേരാഫെഡിനും നാളികേര വികസന കോർപ്പറേഷനുമായി 3.5 കോടി രൂപ നൽകിയിട്ടുണ്ട്.<br><br>കൂടാതെ വിപണി ഇടപെടലുകൾക്കായി ഹോർട്ടികോർപ്പിന് 2021-22 സാമ്പത്തിക വർഷം 16.25 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഏലം സ്പൈസസ് ബോർഡിന്റെ പരിധിയിൽ വരുന്ന നിർബന്ധിത വിളയാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, ജലസേചന വികസനം, മെച്ചപ്പെട്ട ഏലം ക്യൂറിംഗ് ഉപകരണങ്ങൾ, ഗുണമേന്മ മെച്ചപ്പെടുത്തൽ, ഏലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പരിപാടികളിലൂടെ സ്പൈസസ് ബോർഡ് കർഷകരെ പിന്തുണയ്ക്കുന്നുണ്ട്. ഏലത്തിന്റെ വിലയിടിവ് സംബന്ധിച്ച് കേന്ദ്ര ഇടപെടലുകൾ ഉണ്ടാകുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. |
| (സി) | ഈ മേഖലയെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>പച്ചത്തേങ്ങ സംഭരണം</u> :- നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന സർക്കാർ 14/01/2022-ലെ സ.ഉ. (കൈ) നം.3/2022/ കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ്, VFPCK,കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC), തുടങ്ങിയവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്.പച്ചത്തേങ്ങയുടെ സംഭരണവില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതലാണ് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14.01.2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്.<br><br>9.3.2023 വരെയുള്ള കണക്കനുസരിച്ച് 122 കേന്ദ്രങ്ങളിലൂടെ പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. 04.03.2022 ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത |

കർഷകരിൽ നിന്നും 07.11.2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശംനൽകിയിട്ടുണ്ട്.

വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 09.02.2023 വരെ 10346.72213 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് കണ്ടു വരുന്നത്.

<u>നെല്ല് സംഭരണം:-</u> സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നു. 2022-23 വർഷത്തിൽ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20 രൂപ 40പൈസയായാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. 2022-23 സീസണിൽ കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസും കൂടി ചേർത്ത് കിലോഗ്രാമിന് 28 രൂപ 20 പൈസ സംഭരണ വിലയായി നിശ്ചയിച്ചാണ് സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചുവരുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ 2101.9 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 2905.52 കോടി രൂപയും ഈ പദ്ധതിയിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 11.03.2023 വരെ 736.7141 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

<u>പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി:-</u> സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു. 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

<u>റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി:-</u>

റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ

| | | | |
|---|---|---|---|
| | | | ഇൻസന്റീവ് പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>ഈ പദ്ധതിയുടെ 8-ാം ഘട്ടമാണ് ഇപ്പോൾ നടന്നുവരുന്നത്.<br><br>2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 269.92 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 20.97 കോടിയും റബ്ബർ കർഷകർക്ക് സബ്സിഡിയായി നൽകിയിട്ടുണ്ട്. 2022-23 വർഷം 500 കോടി രൂപ യാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ വകയിരുത്തിയിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം 16.02.2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33 .195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നാളിതുവരെ ആകെ 1806.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പച്ചത്തേങ്ങ സംഭരണത്തിനായി 2021-22 മുതൽ നാളിതുവരെ റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെ കേരാഫെഡിനും നാളികേര വികസന കോർപ്പറേഷനുമായി 3.5 കോടി രൂപ നൽകിയിട്ടുണ്ട്.<br><br>കൂടാതെ വിപണി ഇടപെടലുകൾക്കായി ഹോർട്ടികോർപ്പിന് 2021-22 സാമ്പത്തിക വർഷം 16.25 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഏലം സ്പൈസസ് ബോർഡിന്റെ പരിധിയിൽ വരുന്ന നിർബന്ധിത വിളയാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, ജലസേചന വികസനം, മെച്ചപ്പെട്ട ഏലം ക്യൂറിംഗ് ഉപകരണങ്ങൾ, ഗുണമേന്മ മെച്ചപ്പെടുത്തൽ, ഏലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ വികസന പരിപാടികളിലൂടെ സ്പൈസസ് ബോർഡ് കർഷകരെ പിന്തുണയ്ക്കുന്നുണ്ട്. ഏലത്തിന്റെ വിലയിടിവ് സംബന്ധിച്ച് കേന്ദ്ര ഇടപെടലുകൾ ഉണ്ടാകുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ